**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6701** **11-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ അധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിച്ചത് വഴിയുണ്ടായ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. അധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി 2024 മാർച്ച് 31 ന് ശേഷം എത്ര ഒഴിവുകളാണ് വന്നിട്ടുള്ളതെന്ന് ഇനം തിരിച്ച് അറിയിക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. അധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി 2024 മാർച്ച് 31 ന് ശേഷം വന്നിട്ടുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.**<br><br>**എൽ.പി.എസ്.ടി. - 22**<br><br>**യു.പി.എസ്.ടി. - 27**<br><br>**എച്ച്.എസ്.ടി. - 19** |
| (ബി) | പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. തിരിച്ച് വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സി -യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. 2024-2025 വർഷത്തെ തസ്തിക നിർണ്ണയ നടപടി പുരോഗമിക്കുന്ന സാഹചര്യത്തിൽ തസ്തിക നഷ്ടപ്പെടുന്നതായി റിപ്പോർട്ട് ചെയ്യുന്നതിനാൽ ആയത് പരിഗണിച്ച് മാത്രമേ പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.** |
| (സി) | 2024-25 അക്കാദമിക വർഷം കുട്ടികളുടെ കുറവുമൂലം എത്ര എൽ.പി.എസ്.ടി., യു.പി. എസ്.ടി., എച്ച്.എസ്.ടി. തസ്തികകളാണ് കുറവ് വന്നതെന്ന് വ്യക്തമാക്കാമോ? | (സി) | **2024-25 അക്കാദമിക വർഷം കുട്ടികളുടെ കുറവുമൂലം നഷ്ടപ്പെടുന്ന തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.**<br><br>**എൽ.പി.എസ്.ടി. -30**<br><br>**യു.പി. എസ്.ടി. -19**<br><br>**എച്ച്.എസ്.ടി. -14** |

സെക്ഷൻ ഓഫീസർ